# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 41

27.02.2018- ലെ മറുപടിക്ക്

## സഹകരണ നയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം . നൗഷാദ്<br>ശ്രീ. രാജു എബ്രഹാം<br>പ്രൊഫ. കെ.യു.അരുണൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിനായി കൂടുതൽ കാര്യക്ഷമവും ജനകീയവുമായ രീതിയിൽ സഹകരണ പ്രസ്ഥാനത്തെ പ്രാപ്തമാക്കുന്നതിന് ആവിഷ്കരിക്കാനുദ്ദേശിക്കുന്ന സഹകരണ നയത്തിലെ സുപ്രധാന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) സഹകരണനയത്തിന്റെ കരട് തയ്യാറാക്കി സഹകരണ കോൺഗ്രസ്സിൽ അവതരിപ്പിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. സഹകരണനയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വേണ്ട സംരംഭങ്ങൾ ആരംഭിച്ച് തൊഴിലും വരുമാനവും വർദ്ധിപ്പിക്കാൻ വേണ്ട ഇടപെടലുകൾ നടത്തുന്ന രീതിയിൽ സഹകരണ സംഘങ്ങളെ ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) കാർഷിക മേഖലയിൽ സഹകരണ സംഘങ്ങളിലൂടെ നെല്ല് സംഭരണം, ജൈവ കൃഷി പ്രോത്സാഹനം എന്നിവ സ്വീകരിച്ചു വരുന്നു. |
| (സി) സഹകരണ സ്ഥാപനങ്ങളുടെ ഭരണ നിർവഹണം സുതാര്യവും കാര്യക്ഷമവുമാക്കാനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) ഓഡിറ്റ് മാനുവൽ പരിഷ്കരണം, CBS നടപ്പാക്കൽ, ജീവനക്കാർക്ക് പരിശീലനം, പ്രൊഫഷണൽ സമീപനം എന്നീ നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

## വിശദീകരണക്കുറിപ്പ്

സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള മിക്കവാറും മേഖലകളിലും സഹകരണ മേഖല അതിന്റെ സാന്നിദ്ധ്യം അറിയിച്ച് കഴിഞ്ഞിട്ടുണ്ട്. സഹകരണ നയം കേരളത്തിന്റെ സഹകരണ പ്രസ്ഥാനത്തിന്റെ വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ഉറപ്പുവരുത്തുക എന്ന കാഴ്ചപ്പാടാണ് മുന്നോട്ട് വയ്ക്കുന്നത്. 2018 ഫെബ്രുവരിയിൽ ചേർന്ന സഹകരണ കോൺഗ്രസ്സിൽ കരട് സഹകരണനയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചില്ല.

സാങ്കേതിക വിദ്യയിലും നിയമ-നിയന്ത്രണ കാര്യങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി നീങ്ങുന്നതിന് സഹകരണ വകുപ്പിനെ സജ്ജമാക്കുന്ന വിധത്തിൽ വകുപ്പിൽ പ്രൊഫഷണലിസം നടപ്പിലാക്കുന്നതിനും പ്രാദേശിക സാമ്പത്തിക വികസനത്തിന് പ്രയോജനകരമായി സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയെടുക്കുക എന്നതാണ് കരട് സഹകരണ നയം വിഭാവനം ചെയ്യുന്നത്.